**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **13-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്നും ഇപ്പോൾ എത്രയെന്നും വിശദമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരമേറ്റ2020-21 വർഷത്തിൽ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് 2023-24 വർഷത്തിൽ 17.21 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു. |
| (ബി) | നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതി വർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. നിലവിൽ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. |
| (സി) | പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നിലവിലെ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ? | (സി) | പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം . വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും ആസൂത്രണം ചെയ്യുന്ന പദ്ധതിയാണ് ഇത്. 2028-29 ൽ ലക്ഷ്യപ്രാപ്തിയിൽ എത്തത്തക്കവിധം ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതിയിൽ നവീന കാർഷിക മുറകൾ, വാണിജ്യ പച്ചക്കറി, ആസൂത്രിത കൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള കൃഷി രീതിയാണ് അവലംബിക്കുന്നത്. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷകഗ്രൂപ്പുകൾ , വിദ്യാർത്ഥികൾ, യുവജന സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കുന്ന ഉൽപ്പാദന വിപണന പ്ലാനിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന തല പദ്ധതി രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കുക. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷികമേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" സുരക്ഷിത പച്ചക്കറി വിഭവങ്ങൾ ജനങ്ങളിൽ എത്തിക്കുവാനുള്ള 'ജൈവ കാർഷിക മിഷൻ' തുടങ്ങിയവയും പച്ചക്കറി ഉൽപ്പാദനത്തിൽ |

| | | | |
|---|---|---|---|
| | | | സ്വയംപര്യാപ്തതയിലെത്തുന്നതിനുള്ള ശ്രമത്തിന് ഊർജ്ജം നൽകും. |

സെക്ഷൻ ഓഫീസർ